പതിമൂന്നാം കേരള നിയമസഭ
<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1909 — 17.03.2015-ൽ മറുപടിക്ക്.

## പോലീസ് വർക്ക് ഷോപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പോലീസ് വർക്ക് ഷോപ്പുകൾ ഉണ്ട്; എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു; | : (എ) രണ്ട് പോലീസ് വർക്ക് ഷോപ്പുകൾ ഉണ്ട് (1) സെൻട്രൽ പോലീസ് വർക്ക്ഷോപ്പ്, എസ്.എ.പി. ക്യാമ്പ്, തിരുവനന്തപുരം. (2)റേഞ്ച് വർക്ക് ഷോപ്പ്, എം.എസ്.പി. ക്യാമ്പ്, മലപ്പുറം |
| (ബി) പ്രസ്തുത വർക്ക് ഷോപ്പുകളിൽ ആവശ്യത്തിന് മെക്കാനിക്കുകളും മറ്റ് സംവിധാനങ്ങളും നിലവിലുണ്ടോ; | : (ബി) ഇല്ല |
| (സി) പ്രസ്തുത വർക്ക ഷോപ്പുകളുടെ ചുമതലകൾ നിലവിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത് ആരിലാണ്; | : (സി) സെൻട്രൽ പോലീസ് വർക്ക് ഷോപ്പിന്റെ പ്രവർത്തനം പോലീസ് ആസ്ഥാനത്തെ എസ്.പി (എം.റ്റി)യുടെ നിയന്ത്രണത്തിൽ, ഡി.വൈ.എസ്.പി (എം.റ്റി)-ക്ക് അധികച്ചുമതല നൽകി മേൽനോട്ടം വഹിച്ചുവരുന്നു. മലപ്പുറം റേഞ്ച് വർക്ക്ഷോപ്പിന്റെ പ്രവർത്തനം മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. |
| (ഡി) മെക്കാനിക്കിനോ, മെക്കാനിക്ക് ഡിപ്ലോമ ഉള്ളവർക്കോ വർക്ക് ഷോപ്പുകളുടെ ചുമതല നൽകുന്നതിനും അതിന്റെ മേൽനോട്ടം ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; | : (ഡി) നിലവിൽ വർക്ക്ഷോപ്പുകളിൽ ഈ മേഖലയിൽ സാങ്കേതിക വിജ്ഞാനമുള്ള ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് |
| (ഇ) നിലവിലെ വർക് ഷോപ്പുകളിൽ അവശ്യം സംവിധാനങ്ങൾ ഉണ്ടെങ്കിൽ പോലീസ് വാഹനങ്ങൾ പുറത്തയച്ച് പണികൾ ചെയ്യിക്കേണ്ടി വരുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ | : (ഇ) പുതുതലമുറ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലെ രണ്ട് വർക്ക്ഷോപ്പുകളിലും ഇല്ലാത്തതിനാലാണ് വാഹനങ്ങൾ പുറത്തയച്ച് റിപ്പയർ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ